പരിപ്രേക്ഷ്യം പദ്ധതി 2030-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായി കണ്ടെത്തിയിട്ടുള്ള പ്രോജക്ടുകൾ, അതിനാവശ്യമായ നിക്ഷേപം, ബന്ധപ്പെട്ട മേഖലകളിലെ നിലവിലുള്ള സ്ഥിതി തുടങ്ങിയ കാര്യങ്ങൾ അതത് വകുപ്പുകളിൽ നിന്നും ആരാഞ്ഞിട്ടുണ്ട്. വകുപ്പുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഒരു പ്രൊഫഷണൽ ഏജൻസിയെ കണ്ടെത്തുന്നതിനും ചുമതലപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു.

തീറ്റപ്പുൽ വികസന പദ്ധതി

48 (3250) ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീറ്റപ്പുൽ വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ഉണ്ട്. പോഷക മൂല്യമുള്ള തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കാലിത്തീറ്റച്ചെലവ് കുറച്ച് പാലുൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും വേണ്ടി തീറ്റപ്പുൽ കൃഷി വികസന പരിപാടി നടത്തിവരുന്നു. തീറ്റപ്പുൽക്കടകൾ സൗജന്യമായി ക്ഷീരകർഷകർക്ക് നൽകുക, തീറ്റപ്പുൽ കൃഷിക്കായി ധനസഹായം നൽകുക, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഫോഡർ സെമിനാറുകൾ സംഘടിപ്പിക്കുക, അസോള, ചോളം കൃഷിക്കായി സബ്സിഡി അനുവദിക്കുക, സ്ത്രീകൾക്കു മാത്രമായുള്ള സ്വയം സഹായ ഗ്രൂപ്പുകളായ ഗോപാലിക ഗ്രൂപ്പിലൂടെ വനിതകൾക്ക് പുൽകൃഷി ഉത്പാദനവും വിപണനവും നടത്തുന്നതിന് ആവശ്യമായ ധനസഹായം നൽകുക, ഹൈടെക് തീറ്റപ്പുൽ കൃഷിക്കും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹനം നൽകുക എന്നിവ ഈ പദ്ധതി മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിൽമയുടെ എറണാകുളം മേഖലാ യൂണിയന്റെ 2015-16 വർഷത്തെ ബഡ്ജറ്റിൽ 12 ലക്ഷം രൂപ തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ വിതരണത്തിനായി മാറ്റിവച്ചിട്ടുണ്ട്. കൂടാതെ വാണിയമ്പാറ ഡയറി പ്രോജക്ടിനുകീഴിൽ 50 ക്ഷീര കർഷകർക്ക് പുൽകൃഷി വികസനത്തിനായി 10,000 രൂപ വീതം വകയിരുത്തിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ തീറ്റപ്പുൽ വികസന പദ്ധതിക്കായി 2015-16 വർഷത്തിൽ 60 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയനിൽ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ 20 ലക്ഷം രൂപ ചെലവഴിച്ച് 60 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടത്തുന്നതിനുള്ള സ്കീം ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

(സി) നടപ്പുവർഷം ക്ഷീരവികസന വകുപ്പ് 500 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. മിൽമയുടെ മേഖലാ യൂണിയനുകൾ തീറ്റപ്പുൽ കൃഷി വികസനത്തിന് സബ്സിഡി നൽകുകയും പ്രോത്സാഹനങ്ങളും പരിശീലനങ്ങളും സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുകയും ചെയ്യുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ

49 (3251) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള വില കുറഞ്ഞ പാൽ കേരളത്തിൽ വ്യാപകമായി വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ പരിഹാര നടപടികളാണ് കൂടുതലായി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്ന പ്രസ്തുത പ്രവൃത്തിയ്ക്കെതിരായി സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

ഉണ്ട്. പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഇൻഫോർമൽ സാമ്പിളും ഫോർമൽ സാമ്പിളും സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഫുഡ്സേഫ്റ്റി കമ്മീഷണർ നിയമനടപടി സ്വീകരിക്കുകയും പിഴയീടാക്കുകയും ചെയ്യാറുണ്ട്. ക്ഷീരവികസന വകുപ്പും മിൽമയും പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധനകൾ കൃത്യമായി നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly